**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4645 — 18.05.2017-ൽ മറുപടിക്ക്

**കറൻസി നിരോധനവും ടൂറിസം മേഖലയിലെ പ്രത്യാഘാതങ്ങളും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കറൻസി നിരോധന നടപടികൾ സംസ്ഥാനത്തെ ടൂറിസം മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വിലയിരുത്തുകയുണ്ടായോ; വിശദമാക്കുമോ; | എ) 2016 നവംബർ 8 അർദ്ധരാത്രി മുതൽ നിലവിൽ വന്ന 500-ന്റെയും 1000-ന്റെയും നോട്ട് അസാധുവാക്കൽ നടപടി ടൂറിസം മേഖലയെ എത്രത്തോളം ബാധിച്ചു എന്നു മനസിലാക്കുന്നതിലേക്കായി ഒരു "ക്വിക്ക് സർവേ" 2016 ഡിസംബർ 1 ന് വകുപ്പ് തലത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത സർവ്വേയിൽ ഹോട്ടൽ, ഹൗസ് ബോട്ട്, ടൂർ ഓപ്പറേറ്റർ എന്നിവർ ഉൾപ്പെട്ട സാമ്പിളുകളിൽ നിന്നും വിവരശേഖരണം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.<br>• വിദേശവിനോദ സഞ്ചാരികളുടെ വരവിൽ 15 മുതൽ 20 ശതമാനം വരെ കുറവ് ഉണ്ടാകുമെന്ന് വിലയിരുത്തപ്പെടുന്നു.<br>• ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 20 മുതൽ 40 ശതമാനം വരെ കുറവ് ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു.<br>• മുൻകൂർ ബുക്കിംഗിനെ ഇത് ബാധിച്ചിട്ടുണ്ട്. ഇതിലുണ്ടായ കുറവ് 25 മുതൽ 30 ശതമാനം വരെയാണ്.<br>• നവംബർ മാസത്തിൽ ആകെ 30% ഹൗസ് ബോട്ടുകൾ മാത്രമാണ് പ്രവർത്തിച്ചത്. |

- ഹോട്ടലുകളിലെ ഫുഡ് & ബിവറേജസിന്റെ വിൽപ്പന യിൽ 20 മുതൽ 25 ശതമാനം വരെ കുറവ് ഉണ്ടായി.
- നോട്ട് അസാധുവാക്കൽ മീറ്റിംഗുകൾ, കോൺ ഫറൻസുകൾ, സാഹസിക ടൂറിസം എന്നിവയെ കാര്യമായി ബാധിച്ചു.
- വിനോദസഞ്ചാരികളുടെ ഉപഭോഗത്തിനും മറ്റാവശ്യ ങ്ങൾക്കും ചെലവഴിക്കുന്ന പണത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെട്ടതുകൊണ്ട് ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാധാരണക്കാരെ ഇത് കാര്യമായി ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

ബി) മുൻ സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2016-17 ൽ വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിലും സ്വദേശി ടൂറിസ്റ്റു കളുടെ എണ്ണത്തിലും ഉണ്ടായ വ്യത്യാസം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

ബി) വിനോദസഞ്ചാരികളുടെ എണ്ണം കണക്കാക്കുന്നത് കലണ്ടർ വർഷം അടിസ്ഥാനമാക്കിയാണ്. 2015 കലണ്ടർ വർഷത്തെ അപേക്ഷിച്ച് 2016 ൽ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്, കഴിഞ്ഞ രണ്ട് വർഷത്തെ ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ തരംതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദേശ വിനോദ സഞ്ചാരികൾ | ആഭ്യന്തര വിനോദ സഞ്ചാരികൾ | ആകെ | വളർച്ചാ നിരക്ക് |
|---|---|---|---|---|
| 2015 | 9,77,479 | 1,24,65,571 | 13443050 | 6.53% |
| 2016 | 10,38,419 | 1,31,72,535 | 1,42,10,954 | 5.71% |

സി) ഇക്കാലയളവിൽ ടൂറിസം മേഖലയിൽ നിന്നും ലഭിച്ച വരുമാനത്തിന്റെ ഏറ്റക്കുറവുകൾ വ്യക്തമാക്കുമോ?

സി) 2015-ൽ ആകെ ടൂറിസം വരുമാനം 26,689.63 കോടി രൂപ ആയിരുന്നത് 2016-ൽ 29,658.56 കോടി രൂപ ആയി വർദ്ധിച്ചിട്ടുണ്ട് (11.12% വർദ്ധനവ്).

സെക്ഷൻ ഓഫീസർ